മുദ്രകൾ

# മുഹമ്മദ് മഹ്ദി ആകിഫ് സ്ഥാനമൊഴിയുന്നു

**ഈജിപ്തിലെ** ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ കാര്യദർശി മുഹമ്മദ് മഹ്ദി ആകിഫ് അടുത്ത വർഷം ജനുവരിയിൽ സ്ഥാനമൊഴിയും. ജനുവരിയിലാണ് അദ്ദേഹത്തിന്റെ കാലാവധി അവസാനിക്കുക. മത്സര രംഗത്ത് താനുണ്ടാവില്ലെന്ന് 81-കാരനായ ആകിഫ് വ്യക്തമാക്കി. "വ്യക്തിപരമായ കാരണങ്ങളാലാണ് വിട്ടുനിൽക്കുന്നത്. ഇഖ്‌വാന്റെ ഒരു സാധാരണ പ്രവർത്തകനായി സംഘടനയിൽ തുടരും."


ആറ് വർഷത്തേക്കാണ് ഇഖ്‌വാൻ അതിന്റെ കാര്യദർശിയെ തെരഞ്ഞെടുക്കുക. 2004-ൽ മഅ്മൂനുൽ ഹുളൈബിയുടെ മരണത്തെ തുടർന്നാണ് ആകിഫ് കാര്യദർശിയായി തെരഞ്ഞെടുക്കപ്പെട്ടത്. 2005-ൽ നടന്ന ഈജിപ്ഷ്യൻ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 454 അംഗ സഭയിൽ ഇഖ്‌വാൻ 88 സീറ്റ് നേടിയത് ആകിഫിന്റെ നേതൃവൈഭവം വിളിച്ചോതുന്നു.

സ്ഥാനമൊഴിയും എന്ന് പ്രഖ്യാപിച്ചത് ഈജിപ്ഷ്യൻ പത്രങ്ങൾ വലിയ വിവാദമാക്കുന്നതാണ് പിന്നീട് കണ്ടത്. സംഘടനയിലെ യാഥാസ്ഥിതിക വിഭാഗവുമായി ഇടഞ്ഞാണ് ആകിഫ് പുറത്തു പോകുന്നതെന്നായി പത്രങ്ങൾ. 'ആകിഫ് ഇഖ്‌വാന്റെ അധ്യക്ഷസ്ഥാനം രാജിവെച്ചു' എന്ന മുൻപേജ് വാർത്തയുമായാണ് ഒരു ദിവസം ഈജിപ്ഷ്യൻ പത്രങ്ങൾ പുറത്തിറങ്ങിയത്. കാര്യദർശിയുടെ ചില ചുമതലകൾ ഏറ്റെടുക്കാൻ ആകിഫ് തന്നോട് ആവശ്യപ്പെട്ടതായി സംഘടനയുടെ ഉപകാര്യദർശി മുഹമ്മദ് ഹബീബ് പറഞ്ഞത് അവർ 'തെളിവാ'യി ഉദ്ധരിക്കുകയും ചെയ്തു. ഒടുവിൽ ആകിഫ് തന്നെ പത്രസമ്മേളനം നടത്തി താൻ രാജിവെച്ചിട്ടില്ലെന്ന് പറയേണ്ടി വന്നു.

പത്രങ്ങളുടെ കഥ ഇപ്രകാരമാണ്: ഇഖ്‌വാന്റെ പോളിറ്റ് ബ്യൂറോ എന്ന് പറയാവുന്ന സമുന്നത ബോഡിയാണ് മക്തബുൽ ഇർശാദ്. ഈ സഭയിൽ 21 അംഗങ്ങളാണ് ഉണ്ടാവുക. സഭയിൽ ഒഴിവ് വന്നാൽ നേതാക്കളുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്ത് കാര്യദർശി യോഗ്യനായ ഒരാളെ നോമിനേറ്റ് ചെയ്യും. അങ്ങനെയാണ് സഭയിൽ ഒരൊഴിവ് വന്നപ്പോൾ സംഘടനക്കകത്തെ ഏറ്റവും വലിയ പരിഷ്കരണവാദി എന്നറിയപ്പെടുന്ന ഡോ. അസ്വാം ഇർയാനെ നോമിനേറ്റ് ചെയ്യാൻ ആകിഫ് തീരുമാനിച്ചത്. പുതുതലമുറ ഇഖ്‌വാനികൾക്കിടയിൽ വളരെ സ്വീകാര്യനുമാണ് ഇർയാൻ. പക്ഷെ സംഘടനയുടെ സെക്രട്ടറിയായ മഹ്മൂദ് ഇസ്സത്തിന്റെ നേതൃത്വത്തിൽ യാഥാസ്ഥിതിക വിഭാഗം മക്തബുൽ ഇർശാദിലേക്ക് ഇർയാനെ കൊണ്ട് വരുന്നത് ശക്തമായി എതിർത്തു. ഇതിൽ പ്രതിഷേധിച്ചാണ് ആകിഫ് രാജി

ഡോ. അസ്വാം ഇർയാൻ ▼





മുഹമ്മദ് മഹ്ദി ആകിഫ്

ക്കൊരുങ്ങിയത്.

ഇത് ഗവൺമെന്റ് അനുകൂല പത്രങ്ങൾ മെനഞ്ഞെടുത്ത കഥയാണെന്ന് ഒറ്റ നോട്ടത്തിൽ തന്നെ വ്യക്തം. ഭരണകക്ഷിയെ രാഷ്ട്രീയമായി സഹായിക്കാൻ വേണ്ടിയാണ് കഥ മെനഞ്ഞുണ്ടാക്കിയത്. ഈജിപ്തിൽ 2010-ൽ പാർലമെന്റ് തെരഞ്ഞെടുപ്പും 2011-ൽ പ്രസിഡന്റ് തെരഞ്ഞെടുപ്പും നടക്കാൻ പോവുകയാണ്. പുത്രൻ ജമാൽ മുബാറകിനെ പിൻഗാമിയായി വാഴിക്കാൻ പ്രസിഡന്റ് ഹുസ്നി മുബാറക് ഇതിനകം ചരട് വലിച്ചു തുടങ്ങിയിട്ടുണ്ട്. മറ്റു പ്രതിപക്ഷ കക്ഷികൾ വിഘടിച്ച് നിൽക്കുന്നതിനാൽ കാര്യമായ ഭീഷണിയില്ല. മുഖ്യപ്രതിപക്ഷമായ ഇഖ്വാനാണ് ഏറ്റവും വലിയ ഭീഷണി. ഇഖ്വാനിലും തൊഴുത്തിൽ കുത്താണെന്ന് വരുത്തി തീർക്കാനാണ് പത്രങ്ങൾ ഈ കളികളിച്ചത്. ■

# ചരിത്രത്തെ പഴയപോലെ വായിച്ചാൽ മതിയോ?

**ചരിത്രത്തെ** എങ്ങനെ വായിക്കണമെന്ന് തീരുമാനിക്കുന്നത് ചരിത്രം രേഖപ്പെടുത്തുന്ന വ്യക്തിയുടെ / സമൂഹത്തിന്റെ പ്രത്യയശാസ്ത്രമാണ്. എല്ലാകാലത്തെയും ചരിത്രരചനയെ അതത് കാലത്ത് അധീശത്വം പുലർത്തുന്ന പ്രത്യയശാസ്ത്രങ്ങൾ സ്വാധീനിച്ചിരുന്നുവെങ്കിലും ഇത് പച്ചയായി പ്രകടമായത് യൂറോപ്യൻ കൊളോണിയൽ ഭരണകാലത്താണ്. ഇക്കാലത്ത് രൂപംകൊണ്ട ചരിത്രരചനാ രീതിശാസ്ത്രങ്ങൾ കാര്യമായ മാറ്റങ്ങളൊന്നും കൂടാതെ ഇന്നും നിലനിൽക്കുകയാണ്. യൂറോ കേന്ദ്രിത ചരിത്രരചനയെ അടിമുടി തിരുത്താൻ ആരും തയാറില്ലെന്ന് ചുരുക്കം.

സവിശേഷമായ ഒരു ചരിത്രവും ചരിത്രബോധവും കൈമുതലായുള്ള മുസ്‌ലിം സമൂഹവും യൂറോപ്യൻ രചനാ രീതികളെ അനുകരിക്കുകയായിരുന്നു. അതുകൊണ്ടാണവർ മനുഷ്യചരിത്രത്തെ പൗരാണികം, മധ്യകാലം, നവീനം എന്നിങ്ങനെ




വെള്ളംകേറാത്ത അറകളിലാക്കി പഠിക്കുന്നത്. ഈ ഇനംതിരിക്കലിന് പ്രശ്നങ്ങളേയുള്ളൂ. പൗരാണികം എപ്പോൾ അവസാനിച്ചുവെന്നോ മധ്യകാലം എപ്പോൾ തുടങ്ങിയെന്നോ അത് കഴിഞ്ഞ് നവീന യുഗത്തിലേക്ക് എപ്പോൾ പ്രവേശിച്ചുവെന്നോ ആർക്കും കൃത്യമായി പറയാനാവില്ല. ഏതൊരു നൂറ്റാണ്ടിനും അതിന്റെ മുമ്പുള്ള നൂറ്റാണ്ടുകളുടെ മഹാ സ്വാധീനത്തിൽനിന്ന് രക്ഷപ്പെടാനാവില്ല, എന്തൊക്കെ വിപ്ലവങ്ങൾ അരങ്ങേറിയാലും ശരി.

ഇങ്ങനെ ചരിത്രത്തെ ഒരു സാകല്യമായി കണ്ട് പഠിക്കണമെന്നും അതാണ് ഖുർആൻ മുന്നോട്ടുവെക്കുന്ന ചരിത്രദർശനമെന്നുമുള്ള ചിന്ത മുസ്‌ലിം ലോകത്ത് ഇപ്പോൾ പ്രബലമായി വരികയാണ്. ആ നിലക്കുള്ള പഠനങ്ങളും പുരോഗമിക്കുന്നു. അതിൽപെട്ട ശ്രദ്ധേയമായ ഒരു രചനയാണ് ഡോ. ഖാസിം അബ്ദ ഖാസിമിന്റെ 'ചരിത്രവായന' (*ഖിറാഅത്തുത്താരീഖ്*). മതങ്ങളുടെ ചരിത്രദർശനം സാധാരണ ചരിത്ര കൃതികളിലൊന്നും മുഖ്യ വിഷയമാകാറില്ല. ഈ കൃതിയിൽ ജൂത, ക്രൈസ്തവ, ഇസ്‌ലാമിക ചരിത്രദർശനങ്ങൾ വേദഗ്രന്ഥങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുന്നു. അധീശത്വം നേടുന്നവർ ചരിത്രത്തെ എങ്ങനെ വികലമാക്കുന്നു എന്നും ചർച്ച ചെയ്യുന്നു. 'മൂന്നാം ലോകം', 'വികസ്വര രാഷ്ട്രം' തുടങ്ങിയ പ്രത്യക്ഷ കൊളോണിയൽ പ്രയോഗങ്ങൾ പോലും കൈയൊഴിക്കാനാവാതെ ഏഷ്യനാഫ്രിക്കയിലെ ജനസമൂഹങ്ങൾ ഇപ്പോഴും 'അറിവ് ഉൽപാദകരായ' പാശ്ചാത്യരുടെ 'ഉപഭോക്താക്കൾ' മാത്രമായി തുടരുകയാണെന്ന് ഗ്രന്ഥകർത്താവ് നിരീക്ഷിക്കുന്നു. ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിലെ ചരിത്രകാരന്മാരോട് അദ്ദേഹത്തിന് ഒരു അഭ്യർഥനയുണ്ട്: നിങ്ങൾ നിങ്ങളുടെ സംസ്കാരത്തിനും നാഗരികതക്കും അനുഗുണമായ ഒരു ചരിത്ര രചനാ സങ്കേതം വികസിപ്പിച്ചെടുക്കൂ. ■


അബ്ദുർറഹീം മിശ്അൽ

# അറിയപ്പെടാത്ത പോരാളിക്ക് വിട

**ആ** പഴയ തോക്ക് ഗർജിച്ചത് ആദ്യം ഇംഗ്ലീഷ് അധിനിവേശകർക്കെതിരെ. പിന്നെ സയണിസ്റ്റുകൾക്കെതിരെ. നീണ്ട നീണ്ട പോരാട്ടങ്ങൾ. ഫലസ്തീൻ വിമോചനപ്പോരാളി ഇസ്സുദ്ദീൻ അൽ ഖസ്സാമിന്റെ ഒപ്പമായിരുന്നു തുടക്കത്തിൽ. പിന്നെ അബ്ദുൽ ഖാദിർ ഹുസൈനിയോടൊപ്പമായി... പോരാളിയാണെങ്കിലും കാലം കടന്നുപോകവെ ശരീരം തളരുമല്ലോ. യാത്രികന് തന്റെ യാത്ര അവസാനിപ്പിക്കേണ്ടതുണ്ടല്ലോ. അങ്ങനെ തന്റെ രക്ഷിതാവിന്റെ സവിധത്തിലേക്ക് ആ പുണ്യാത്മാവ് യാത്ര തിരിച്ചു.

ജോർദാനിലെ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ മുൻ അധ്യക്ഷൻ സാലിം അൽ

ഫലാഹാത്തിന്റെ ഒരു അനുസ്മരണ കുറിപ്പിൽനിന്നുള്ളതാണ് ഈ വരികൾ. മരിച്ച യാളെ പറഞ്ഞാൽ നിങ്ങൾ അറിയില്ല. അദ്ദേഹത്തിന്റെ മകനെ പറഞ്ഞാൽ അറി യും. പോരാളി പ്രസ്ഥാനമായ ഹമാസിന്റെ രാഷ്ട്രീയ കാര്യ അധ്യക്ഷൻ ഖാലിദ് മിശ്അൽ. അദ്ദേഹത്തിന്റെ പിതാവ് അബ്ദുർറഹീം മിശ്അലാണ് ഈയിടെ മരണ പ്പെട്ടത്. ഏത് പ്രതിസന്ധിയിലും തളരാത്ത അബ്ദുർറഹീമിന്റെ പോരാട്ട വീര്യമാണ് മകൻ ഖാലിദിന് അനന്തരമായി കിട്ടിയതെന്ന് സാലിം ഫലാഹാത്ത് അനുസ്മരിച്ചു. പതിനൊന്നു മക്കളായിരുന്നു അബ്ദുർറഹീമിന്. മൂത്തയാളാണ് ഖാലിദ്. മറ്റുള്ളവരും പോർമുഖത്ത് തന്നെയുണ്ട്.

പോരാട്ടങ്ങൾക്കൊടുവിൽ അബ്ദുർറഹീമിന് അഭയാർഥിയായി കുവൈത്തി ലേക്ക് പോകേണ്ടിവന്നു. അവിടെ ഒരു പള്ളിയിൽ നമസ്കാരത്തിന് നേതൃത്വം നൽകി ക്കൊണ്ട് കുറേകാലം. ജോർദാൻ തലസ്ഥാനമായ അമ്മാനിൽ വെച്ചായിരുന്നു അന്ത്യം. ജനാസയെ അനുഗമിക്കാൻ ജോർദാനിലെ ഇഖ്‌വാൻ നേതൃത്വം ഒന്നടങ്കം എത്തിയി രുന്നു. ■